ടേണ്ടതുണ്ട്.

അവന് ഉറക്കമില്ല. അവന് മറവിയില്ല. അവൻ എല്ലാം അറിയുന്നു. അവനാണ് തന്ത്രശാലി. അവനാണ് ശക്തിമാൻ. അവനാണ് ഉന്നതൻ. സമ്പത്തിൻെറ ഖജനാവുകാരൻ അവനാണ്. അവൻ ഉദാരനാണ്. പ്രത്യുത്തരം നൽകുന്നവനാണ് അല്ലാഹു. നീതിമാനാണ്.

നീതിക്ക് സാക്ഷികളായിരിക്കുവാൻ അവൻ മുഷ്യരോട് കൽപ്പിക്കുന്നു. അവൻ പരിശുദ്ധനാണ്. സന്താനങ്ങളെ ഉണ്ടാക്കിട്ടില്ല. അവനോ ആരുടേയും സന്താനമല്ലതാനും.

Printed and Published by Sathya Sarani,
PB. No. 23, Manjeri - 676 121



# നമ്മുടെ ഇസ്‌ലാം—1

സത്യസരണി

ചിന്ത മനുഷ്യസ്വഭാവമാണ്. ബുദ്ധിയും ചിന്തയും പ്രയോഗിക്കുന്നവൻെറ മനസ്സിന് അസ്വസ്ഥത ഉണ്ടാവാം. ഈ അവസ്ഥത മാറ്റി അന്തിമമായ സമാധാനം പ്രധാനം ചെയ്യുന്നു, ഇസ്‌ലാം. സമാധാനം സമർപ്പണം കീഴൊതുക്കം എന്നല്ലാമാണ് ഇസ്‌ലാം എന്ന വാക്കിൻെറ അർത്ഥം.

മുൻവിധികളില്ലാതെ സ്വന്തം മനസ്സിലേക്ക് പ്രവേശിക്കുവാനും പ്രപഞ്ചത്തിലേക്ക് കണ്ണോടിക്കുവാനും ഇസ്‌ലാം മനുഷ്യരെ ക്ഷണിക്കുന്നു. സത്യമെന്ന് മനസാക്ഷി നമ്മോട് മന്ത്രിക്കുന്ന പല കാര്യങ്ങളും താൽക്കാലിക നേട്ടത്തിന് വേണ്ടിയോ സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾകൊണ്ടോ നമ്മൾ നിഷേധിക്കാറില്ലേ? ഇതാണ് മനുഷ്യൻെറ പ്രത്യേകത. നിശ്ചിത രീതിയനുസരിച്ച് ജീവിക്കുകയും നിലനിൽക്കുകയും ചെയ്യുന്നവയാണ് പ്രപഞ്ചത്തിലെ സകല വസ്തുക്കളും. മനുഷ്യനൊഴികെ, അവന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. ഈ വിവേചനാധികാരം സത്യത്തെ പുൽകാൻ ഉപയോഗിച്ചവൻ സമാധാനമടയുന്നു അവൻ എത്ര സൗകര്യമനുഭവിച്ചാലും ശരി.

ധാരാളം മതാനുയായികൾ ലോകത്തുണ്ട്. സൂര്യനേയോ ചന്ദ്രനേയോ സമുദ്രത്തേയോ നദികളേയോ വൃക്ഷങ്ങളേയോ മരണപ്പെട്ടവരോ ജീവിച്ചിരിക്കുന്നവരോ ആയ രാജാക്കൻമാരേയോ രാജകുമാരൻമാരേയോ മന്ത്രവാദികളേയോ ഇതിഹാസ കഥാപാത്രങ്ങളേയോ ഭാവനാസൃഷ്ടികളേയോ കല്ലിലോ മരത്തിലോ ലോഹങ്ങളിലോ കൊത്തിവെക്കപ്പെട്ട ബിംബങ്ങളേയോ ആരാധിക്കുന്നവർ ധാരാളം. എന്നിട്ടും പൂർണ്ണത ലഭിക്കാതെ ചിലർ അലഞ്ഞു നടക്കുന്നു. ചിലർ ശരീരാവയവങ്ങൾ വികൃതമാക്കി സ്വയം പീഢിപ്പിക്കുന്നു. ആത്മഹൂതി നടത്തുന്നു. എണ്ണമറ്റ ദൈവങ്ങളെ മനസ്സിൽ പ്രതിഷ്ഠിച്ച് ജീവിക്കുമ്പോഴും വിശ്വാസത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഏകദൈവത്തെ സംബന്ധിച്ചാണ് അവർ പറയുന്നത്. ഭൂമിയും ചന്ദ്രനും

സൂര്യനും ആകാശവും നക്ഷത്രങ്ങളും എങ്ങിനെയുണ്ടായി? ഭൂമി ജീവയോഗ്യമായതെങ്ങനെ? മഴ വർഷിപ്പിച്ച് ഭൂമിയെ സമൃദമാക്കുന്നതാർ? രാവുപകലുകൾ മാറിമാറി വരുന്നതും പകൽ അദ്ധ്വാനയോഗ്യവും ഇരുട്ട് വിശ്രമ യോഗ്യവും ആക്കിയത് ആർ? ഘർഷണത്തിൽ നിന്നും തീ ഉൽപ്പാദിപ്പിക്കപ്പെടുന്നതെങ്ങനെ? ഇന്ദ്രിയതുള്ളികളേയും അണ്ഡങ്ങളേയും ആർ സൃഷ്ടിച്ചു? ഭൂമിയിൽ വിത്തുകൾ മുളച്ച് ക്രമാനുസൃതമായി വളർന്ന് ധാന്യങ്ങളും കായ്കളും ഫലങ്ങളും ഉണ്ടാകുന്നത് ആരുടെ പ്രവർത്തനം ? ഈ ചോദ്യങ്ങൾക്കെല്ലാം ഒരു ദൈവത്തെ സംബന്ധിച്ച് മാത്രമെ ഏവർക്കും പറയാനുള്ളൂ.

നിങ്ങൾ രാത്രിയിൽ വീട്ടിൽ ഉറങ്ങുകയാണ്. ശക്തമായ മഴ പെയ്തുകൊണ്ടിരിക്കുന്നു. വലിയ ഒരു ശബ്ദം കേട്ട് നിങ്ങൾ ഉണർന്നു. ആകെ നനഞ്ഞിരിക്കുന്നു. മഴവെള്ളം ചുമരിലുണ്ടായിരുന്ന വിടവിലൂടെ വന്നുകൊണ്ടിരിക്കുന്നു. ഭാര്യയും അഞ്ചും രണ്ടും വയസ്സുള്ള കുട്ടികൾ ഉറങ്ങുകയാണ്. അവരെ ധൃതിയിൽ വിളിച്ചുണർത്തി രക്ഷപ്പെടാൻ ശ്രമിക്കുമ്പോഴാണ് വലിയ ഒരു ശബ്ദത്തോടെ മേൽകൂര വീണത്. എങ്ങിനെയോ രക്ഷപ്പെട്ട് പുറത്തുവന്നു. ഭാര്യയും കുട്ടികളും അകത്ത് തന്നെ. തൊട്ടടുത്ത മലയിൽ ഉരുൾപൊട്ടൽ ഉണ്ടായിരിക്കുന്നു. ചളിയും കല്ലുകളും നിറഞ്ഞ കുഴമ്പ് രൂപത്തിലുള്ള മണ്ണ് കുത്തിയൊലിച്ച് വന്ന് ആകെ മൂടുകയാണ്. വീടിന്റെ അവശിഷ്ടങ്ങൾ നിമിഷനേരംകൊണ്ട് അതിൽ മൂടിപ്പോവുയാണ്. ഒപ്പം നിങ്ങളുടെ കുടുംബവും. ഹൃദയംപൊട്ടുമാറ് നിങ്ങൾ നിലവിളിച്ചു. ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു.. ശാന്തമായി ഒന്നാലോചിച്ചുനോക്കൂ. നിങ്ങൾ അപ്പോൾ വിളിക്കുന്ന ദൈവത്തിന് എന്തെങ്കിലും രൂപമുണ്ടോ?

അല്ലെങ്കിൽ, നിങ്ങളുടെ പിഞ്ചു മക്കൾക്ക് രോഗം വന്നിരിക്കുന്നു. ചികിത്സ ചെയ്തു. അവസാനം മെഡിക്കൽ കോളേജിൽ എത്തിയിരിക്കുകയാണ്. ഏറ്റവും നല്ല ചികിത്സയാണ് മകൾക്ക് ലഭിച്ചുക്കൊണ്ടിരുന്നത് എന്ന സമാധാനത്തിലാണ് നിങ്ങൾ. ഇന്ന് ഓപ്പറേഷനാണ്.



വിദഗ്ധനായ ഡോക്ടർ അത് ചെയ്തുകൊണ്ടിരിക്കുന്നു. ഇടക്ക് നെഴ്സ് പുറത്തുനിന്ന് നിങ്ങളെ വിളിച്ചു. തീയേറ്ററിന്റെ വാതിൽക്കൽ ഡോക്ടർ നിൽക്കുന്നു .അദ്ദേഹം ആകെ തളർന്ന മട്ടിലാണ്. നിങ്ങളുടെ മുഖത്തേക്ക് നോക്കാൻ അയൾക്ക് സാധിക്കുന്നില്ല. 'ഞാൻപരമാവധി ശ്രമിച്ചു. പക്ഷേ... കാര്യം അപകടമാണ്. ദൈവത്തോട് പ്രാർത്ഥിക്കാം' വളരെ വിഷമിച്ചാണ് ഡോക്ടർ അത്രയും പറഞ്ഞത്. മനസ്സറിഞ്ഞ് നിങ്ങളപ്പോൾ വിളിക്കുന്ന ദൈവത്തിന് എന്ത് രൂപമാണുള്ളത് ?.

രാവിലെ നടക്കാൻ ഇറങ്ങിയതാണ് നിങ്ങൾ. നേരം പുലർന്ന് വരുന്നതേയുള്ളൂ. വഴിയിൽ ഒരാൾ വീണു കിടക്കുന്നു. അടുത്ത് ചെന്നുനോക്കി. കമഴ്ന്ന്കിടക്കുകയാണ് അയാൾ. ഒന്ന മറിച്ചിട്ട് നോക്കി. നിങ്ങൾ ഞെട്ടിപ്പോയി. അയാളുടെ വസ്ത്രം രക്തത്തിൽ കുളിച്ചിരിക്കുന്നു. നെഞ്ചിൽ ആഴത്തിൽ ഒരു കത്തി ഇറക്കിട്ടുണ്ട്. കത്തിയിൽ നിങ്ങൾ ഒന്ന് പിടിച്ചുനോക്കി. നിങ്ങൾ മറിച്ചിട്ടതോടെയാണ് അയാൾ അന്ത്യ ശ്വാസം വലിച്ചത്. രണ്ടു മൂന്ന് ആളുകൾ അപ്പോഴേക്കും അവിടെയെത്തി. പോലീസിൽ വിവരമറിയിച്ചു. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ അവർ വിശ്വസിക്കുന്നില്ല. സാഹചര്യതെളിവുകൾ നിങ്ങൾക്കെതിരാണ്. നിരപരാധിത്വം ഉറപ്പിച്ച് ആണയിട്ട് പറയാൻ സാക്ഷിയായി അപ്പോൾ നിങ്ങൾ എടുത്ത്പറയുന്ന ദൈവമില്ലേ? ആ ദൈവത്തിന് രൂപമാവശ്യമുണ്ടോ ?

ഇങ്ങനെ, അപകടത്തിൽപ്പെട്ടാൽ,. രോഗംവന്നാൽ, സത്യം ഉറപ്പിച്ച് പറയാൻ അല്ലെങ്കിൽ അൽഭുതം പ്രകടിപ്പിക്കാൻ, തുടങ്ങിയ അസാധാരണ സാഹചര്യങ്ങളിൽ നമ്മൾ വിളിക്കാറുള്ള ഒരു ദൈവമുണ്ടല്ലോ. ആദൈവത്തെ തന്നെ ആരാധിക്കുവാനും അവന് സ്വയം സമർപ്പിക്കുവാനും ഇസ്‌ലാം അനുശാസിക്കുന്നു.

വിശ്വാസം ഉണ്ടായിരിക്കുകയെന്നുള്ളത് ഇസ്‌ലാമികാദർശത്തിന്റെ അടിസ്ഥാന ശിലയെത്രെ. വിശ്വാസകാര്യങ്ങൾ മുഖ്യമായി ആറായി വിഭജിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹുവിലുള്ള വിശ്വാസം .

മലക്കുകളിലുള്ള വിശ്വാസം .

വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം .

പ്രവാചകൻമാരിലുള്ള വിശ്വാസം.

അന്ത്യനാളിലുള്ള വിശ്വാസം.

വിധിയിലുള്ള വിശ്വാസം.

## അല്ലാഹുവിലുള്ള വിശ്വാസം

പ്രപഞ്ചത്തിലെ സകല വസ്തുക്കളും അതിൻെറ ഉദ്ഭവത്തിന് കാരണമായ ഒരു സത്യത്തെ അന്വേഷിക്കുന്നു. ഓരോ വസ്തുവിനും വസ്തുതക്കും കാരണമന്വേഷിക്കുന്നവനാണ് മനുഷ്യൻ. ഈ അന്വേഷണം അനന്തമായ ഒരു അവ്യക്തതയിൽ അവസാനിക്കുന്നില്ല. സൃഷ്ടാവായ ദൈവത്തിൽ അഥവാ അല്ലാഹുവിലാണ് അതെത്തി ചേരുന്നത്. കേവലം ഒരു ശക്തിയോ അല്ലെങ്കിൽ ഊർജ്ജരൂപമോ അല്ല അല്ലാഹു. ഭൗതിക പദാർത്ഥങ്ങളെ സംബന്ധിച്ച് നമുക്കുള്ള അറിവിൻെറ പരിധികൾക്കപ്പുറം നിൽക്കുന്ന കാലത്തേയും സംബന്ധിച്ച് നമ്മുടെ ഭാവനകൾക്കപുറത്തുള്ള അല്ലാഹുവിനെക്കറിച്ച് നിഗമനങ്ങളിലെത്തുവാൻ നമുക്ക് സാധിക്കുന്നത് അവൻെറ സൃഷ്ടിപ്പിനെക്കുറിച്ചുള്ള പഠനങ്ങളിൽ കൂടിയും നമ്മുടെ മനസ്സിൽ സൃഷ്ടിപ്പിൻെറ ഭാഗമായി തന്നെ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ദൈവിക ബോധത്തിൽ കൂടിയും സർവ്വോപരി പ്രവാചകൻമാർ മുഖേന അല്ലാഹു നമുക്ക് നൽകിയിട്ടുള്ള അറിവുകളിൽകൂടിയുമാണ്.

'ആദം സന്തതികളുടെ മുതുകിൽ നിന്നും നിൻെറ നാഥൻ



അവരുടെ തലമുറകളെ പുറത്തെടുക്കുകയും അവരെ അവരുടെ സ്വന്തത്തിന് തന്നെ സാക്ഷികളാക്കികൊണ്ട് (ചോദിക്കുകയും ചെയ്ത സന്ദർഭം ഓർക്കുക) നിങ്ങളുടെ നാഥൻ ഞാനല്ലെയോ? അവർ പറഞ്ഞു. 'പിന്നല്ലാതെ! ഞങ്ങളിതാ അതിനു സാക്ഷ്യം വഹിച്ചിരി ക്കുന്നു.' ഞങ്ങൾക്കത് അറിവി ല്ലായിരുന്നു എന്ന് അന്ത്യ നാളിൽ നിങ്ങൾ പറഞ്ഞേക്കാമെ ന്നതിനാലാണ്. (ഈഓർമ്മപ്പെടുത്തൽ)

ഖുർആൻ 7:172

അല്ലാഹു ഏകനും സൃഷ്ടാവും നാഥനുമാകുന്നു. എന്ന കാര്യം, അവനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളൂ എന്ന ബോധം, ഇതെല്ലാം ജനനസമയത്ത് തന്നെ ഓരോ വ്യക്തിയുടേയും മനസ്സിൽ നിക്ഷേപിക്കപെട്ടിരിക്കുന്നു. അതുകൊണ്ടായിയിരിക്കാം ബഹുദൈവാരാധ നകളിൽ ആഴത്തിൽ മുങ്ങി പോയവനും അന്തിമമായി താൻ ഏകദൈവ വിശ്വാസിയാണെന്ന് അവകാശപ്പെടുന്നത് .

ചിലർ ദൈവത്തിൻെറ ആസ്തിത്വത്തെ തന്നെ നിശേധിക്കാറുണ്ടല്ലോ. അവർ ഈ ജന്മബോധത്തെ കരുതിക്കൂട്ടി ഒളിച്ചുവെക്കാനാണ് ശ്രമിക്കുന്നത്. ഖുർആൻ അവരെ പറയുന്നത് സംബന്ധിച്ച് പറയുന്നത് കാണുക.

'എന്നാൽ അവിശ്വസിച്ചവർ കളവാക്കുകയാണ് ചെയ്യുന്നത്. അവർ അവരുടെയുള്ളിൽ ഒളിപ്പിച്ച് വെച്ചത് അല്ലാഹുവിന് നന്നായറിയാം

(84:22)

ഒരു പിതാവ് അദ്ധ്വാനിച്ച് മക്കളെ പോറ്റുന്നു. എല്ലാം ചെറിയ കുട്ടികൾ. അവർക്ക് പുത്തനുടപ്പുകൾ വേണം. കളിപ്പാട്ടങ്ങൾ വേണം. മിഠായി വേണം. പാവം അച്ഛൻെറ ബുദ്ധിമുട്ടുകൾ അവർ അറിയുന്നില്ല. അത്ചിന്തിക്കാനുള്ള വിവേകം അവർക്കില്ല. കുറച്ചുകൂടി കഴിഞ്ഞാൽ അവർക്ക് വിദ്യാഭ്യാസം കൊടുക്കണം. പഠനോപകരണങ്ങൾ വേണം. മറ്റുചിലവുകൾ; എല്ലാം ഈ പിതാവ് കണ്ടെത്തണം. വിദ്യാഭ്യാസം കഴിഞ്ഞ് യുവാകളായതിന് ശേഷവും അവർകുട്ടികളെപ്പോലെ

വാശിപിടിച്ച് ആവശ്യങ്ങൾക്ക് പിതാവിനെ സമീപിച്ചാലോ. ഇപ്പോൾ അവർക്ക് ചിന്തിക്കാനും അദ്ധ്വാനിക്കാനും പിതാവിനെ സഹായിക്കാനും സമയമായിരിക്കുന്നു.

നിങ്ങൾക്ക് വിവേകമില്ലേ? നമ്മൾ അധിവസിക്കുന്ന പ്രപഞ്ചത്തെപ്പറ്റിയും നമ്മൾഅനുഭവിക്കുന്ന സൗകര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാൻ നമ്മുക്ക് ബാധ്യതയില്ലേ?

നമ്മൾ ആഹാരം കഴിക്കുന്നു. ധാന്യങ്ങളും കായ്കനികളും പഴങ്ങളും കിഴങ്ങുകളും ഇലകളും ചെടികളും എണ്ണയും വെള്ളവുമെല്ലാം. ഇതെല്ലാം എങ്ങിനെയാണ് ഉണ്ടാവുന്നത് . ഭൂമിയിൽ വിത്ത് പാകുന്നു. എന്നല്ലാതെ അതിനെ മുളപ്പിക്കാനും വളർത്തുവാനും നമ്മൾ അശക്തരല്ലേ? ഭൂമിയിൽ വെള്ളം കുഴിച്ചെടുക്കപ്പെടുന്നു. സമുദ്രങ്ങളും നദികളും തടാകങ്ങളും അരുവികളും കുളങ്ങളും വെള്ളം വഹിക്കുന്നു. കാർമേഘങ്ങളിൽനിന്നും വെള്ളം വർഷിക്കപ്പെടുന്നു. വിവിധഉറവിടങ്ങളിൽ കണ്ടെത്തുന്നുവല്ലാതെ നമുക്കാവശ്യമായ വെള്ളം നാം ഉൽപാദിപ്പിക്കാറില്ല. നമുക്കതിനു സാധിക്കുന്നുമില്ല. നമ്മൾ ഉപയോഗിക്കുന്ന ലോഹങ്ങൾ, രാസവസ്തുക്കൾ, വസ്ത്രങ്ങൾ, ഇന്ധനങ്ങൾ എല്ലാം ഭൂമിയിൽ നിന്ന് കിട്ടുന്ന, അല്ലെങ്കിൽ പ്രകൃതിയിൽ കിട്ടുന്ന, അസംസ്കൃത വസ്തുക്കളിൽ നിന്നും നാം സംസ്ക്കരിച്ചെടുക്കുന്നവ മാത്രമാണല്ലോ. അന്തിമമായി അവയൊന്നും തന്നെ നമ്മൾ ഉൽപാദിപ്പിക്കുന്നില്ല.

'അവനാണ് ഭൂമിയെ നിങ്ങൾക്ക് പാകപ്പെടുത്തി തന്നിട്ടുള്ളത്. അതിനാൽ അതിൻെറ ഇടവഴിയികളിൽകൂടി നിങ്ങൾ വിഹരിച്ചുക്കൊള്ളുക. അവൻെറ പക്കൽനിന്നുള്ള ആഹാരത്തിൽ നിന്നും നിങ്ങൾ ഭക്ഷിച്ച്കൊള്ളുകയും ചെയ്യുക. ഓർക്കുക ! അവനിലേക്കാണ് നിങ്ങൾ ഉയർത്തെഴുന്നേൽക്കപ്പെടുക.

(ഖുർആൻ 67: 15)

സമാധാന ജീവിതം നയിക്കുമ്പോൾ സ്വസ്ഥതയും സൗകര്യങ്ങളും



നൽകിയ അല്ലാഹുവിനെ ഓർക്കുകയും അവന് നന്ദി രേഖപ്പെടുത്തുകയും ചെയ്യേണ്ടതിനുപകരം പലപ്പോഴും മനുഷ്യൻ വ്യതിചലിച്ചു പോകുന്നു. കൊടുങ്കാറ്റ്, വെള്ളപ്പൊക്കം , ഉരുൾപൊട്ടൽ , ഇടിമിന്നൽ, വരൾച്ച തുടങ്ങിയ പ്രകൃതികോപങ്ങളിൽ അല്ലെങ്കിൽ അസുഖങ്ങളിൽ അപകടങ്ങളിൽ എല്ലാം അല്ലാഹുവിനെ ഓർക്കുന്നെങ്കിൽ സൗകര്യങ്ങൾ കൈവരുമ്പോൾ എന്തുകൊണ്ടതിന് സാധിക്കുന്നില്ലേ?. രക്ഷ ലഭിച്ചു കഴിഞ്ഞാൽ തങ്ങളെ അപകടപ്പെടുത്താൻ അല്ലാഹുവിന് സാധിക്കയില്ല. എന്ന് മനുഷ്യൻ തെറ്റിദ്ധരിച്ച പോലെയുണ്ട്. ഭൂമിയെ ഒരു നാരങ്ങയോടുപമിചാൽ അതിൻെറ തോടിൻെറ മാത്രം കനമുള്ള ഉപരിതലത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതും മുക്കാൽഭാഗം വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന ഒരു ഉപരിതലത്തിൽ. ഉൾവശം മുഴുവനും തിളച്ച് മറിഞ്ഞുകൊണ്ടിരിക്കുന്ന കല്ലുകൾ നിറഞ്ഞ കുഴമ്പ് രൂപത്തിലുള്ള ലാവയാണ്. അഗ്നി പർവ്വതങ്ങൾ പൊട്ടി ഈ ലാവ പുറത്ത്വന്ന് ആയിരക്കണക്കിനാളുകൾ മരണപ്പെടാറുണ്ടല്ലോ.

'ആകാശങ്ങളിലുള്ളവൻ ക്ഷോഭിച്ചിളകി മറിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമിയാൽ നിങ്ങളെ വിഴുങ്ങി കളയുകില്ല എന്ന് നിങ്ങൾ നിർഭയരായിരിക്കുകയാണൊ? (ഖുർആൻ 67:15)

അല്ലാഹുവാണ് രക്ഷകൻ. അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വ്യാജ ശക്തികൾക്ക് എന്ത് കഴിവാണുള്ളത്.?

'അതല്ല. ഇവനാണോ നിങ്ങൾക്കുള്ള കാവൽഭടൻ. കാരുണ്യവാനായ അല്ലാഹുവിന് പുറമെ നിങ്ങളെ സഹായിക്കുന്ന വനായിട്ട്. എന്നാൽ നിഷേധികൾ ചതിയിലകപ്പെട്ടതല്ലാതെ മറ്റൊന്നുമില്ല.'

(ഖുർആൻ 67:20 )

സന്താനങ്ങൾ നമ്മുടെ വംശ പരമ്പര നിലനിർത്തുന്നു. വാർദ്ധക്യകാലത്ത് നമുക്ക് തണലാണവർ അവരെ കാണുന്നത് കണ്ണുകൾക്ക് കുളിർമ്മയേകുന്നു. ആരാണ് സന്താനങ്ങളെ ഉൽപാദിപ്പിക്കുന്നത്.

'നിങ്ങൾ ശ്രവിപ്പിക്കുന്ന ഇന്ദ്രിയത്തെ നിങ്ങൾ കണ്ടില്ലേ? നിങ്ങളാണോ അതിനെ സൃഷ്ടിച്ചത്? അതോ നാമാണോ സൃഷ്ടിക്കുന്നവൻ' (ഖുർആൻ 56:58-59)

അല്ലാഹുവിൻെറ ഈ ചോദ്യങ്ങൾക്ക് എന്ത് ഉത്തരമാണ് നമുക്ക് കൊടുക്കാനുള്ളത് .

'നിങ്ങൾ വിളയിടുന്നത് കണ്ടില്ലേ? നിങ്ങളാണോ അത് മുളപ്പിച്ച് വിളയിക്കുന്നത്. അതോ വിളയിക്കുന്നവൻ നാമാണൊ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നാമതിനെ ഉണക്കതുരുമ്പാക്കി മാറ്റുമായിരുന്നു.

(ഖുർആൻ 56:63-65)

നിങ്ങൾ കുടിക്കുന്ന വെള്ളം നിങ്ങൾ കണ്ടില്ലേ? നിങ്ങളാണോ മേഘപാളികളിൽ നിന്നും അതിനെ ഇറക്കുന്നത്? അതോ നാമോ ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനെ മലിനമാക്കിക്കളയുമായിരുന്നു.

(ഖുർആൻ 56:68-70)

നിങ്ങൾ ഉരച്ചുണ്ടാക്കുന്ന തീ നിങ്ങൾ കണ്ടില്ലേ ? നിങ്ങളാണോ അതിൻെറ വൃക്ഷത്തെ സൃഷ്ടിച്ചത്? അതോ നാമാണോ സൃഷ്ടാവ് ? (ഖുർആൻ 56:71-72)

മനുഷ്യൻെറ ഭൗതിക ജീവിതം വെറും താൽക്കാലികം മത്രമാണ്. ഇത് ഒരു പരീക്ഷണഘട്ടം മാത്രം. അദൃശ്യരീതിയിൽതന്നെ അല്ലാഹുവിനെ വിശ്വസിക്കുവാനും അവന് വിധേയമാകുവാനും എത്ര സാധിക്കുന്നു. എന്നാണ് പരീക്ഷിക്കപ്പെടുന്നത്. താൽക്കാലിക വിഭവങ്ങൾ ഈ പരീക്ഷണത്തിനുവേണ്ടി മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. സുഖസൗകര്യങ്ങളും ദാരിദ്ര്യവും മാറി മാറി ലഭിച്ചേക്കാം. ധന്യതയിലും ദാരിദ്രത്തിലും സമാധാനത്തിലും ഭയത്തിലും ഏതവസ്ഥയിലായിരുന്നാലും അല്ലാഹുവിനെ സ്മരിച്ചാൽ മനുഷ്യൻ വിജയിച്ചു.

മനുഷ്യൻെറ ഓരോ നീക്കവും അല്ലാഹു സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവൻ മനസ്സിൽ ഒളിപ്പിച്ചുവെച്ചതും വെളിവാക്കിയതും അല്ലാഹു അറിയുന്നു. അവൻെറ ദൃഷ്ടികൾ



ഒരേസമയത്ത് എല്ലായിടത്തും വ്യാപിച്ചു കിടക്കുന്നു. എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവനാണ് അല്ലാഹു. മനുഷ്യൻെറ ചെറുതും വലുതുമായ ഓരോ വാക്കും പ്രവർത്തിയും നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അത് വിചാരണ ചെയ്യപ്പെടും.

ലുഖ്മാൻ തൻെറ മകനെ ഉപദേശിക്കുന്നത് ഖുർആനിൽ അല്ലാഹു സ്മരിക്കുന്നു.

'എൻെറ കുഞ്ഞുമോനെ! നിശ്ചയം ഒരു വസ്തുത ഒരു കടുകുമണിയുടെ മാത്രം വലിപ്പമുള്ളതും അതൊരു പാറക്കല്ലിനുള്ളിലോ അല്ലെങ്കിൽ ആകാശഭൂമികളിലെവിടെങ്കിലുമോ ആയിരുന്നാലും അല്ലാഹു അതുമായി വരികതന്നെ ചെയ്യും നിശ്ചയം! അല്ലാഹു നിഗൂഢജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.' (ഖുർആൻ 31:16)

അല്ലാഹു എല്ലാറ്റിൻേറയും അധിപനാകുന്നു. പ്രപഞ്ചത്തിലെ ഓരോ വസ്തുവും ജീവിയും അവന് അധീനപ്പെടുകയും കീഴ്പ്പെടുകയും ചെയ്തിരിക്കുന്നു.

'അല്ലാഹുവിൻെറ മതമല്ലാത്ത മറ്റു വല്ലതുമാണോ അ... അവരന്വേഷിക്കുന്നത്? ആകാശങ്ങളിലും ഭൂമിയിലും ഉള്ളവയെല്ലാം നിർബന്ധമായും അവന് കീഴ്പ്പെട്ടിരിക്കെ! അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും' (ഖുർആൻ 3:83)

അല്ലാഹുവിൻെറ വിശേഷണങ്ങളിൽ അൽപം ചിലത് മാത്രമാണ് ഇവിടെ സൂചിക്കപ്പെട്ടിട്ടുള്ളത്. അല്ലാഹുവാണ് നമ്മെ സൃഷ്ടിച്ചത്. അവൻ നമ്മെ പരിപാലിക്കുന്നു. അവൻ കാര്യങ്ങൾ നിയന്ത്രിക്കുന്നു. അവൻ നമ്മെ ഭക്ഷിപ്പിക്കുകയും, കുടിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നു. അവൻ പരമകാരുണികനും കരുണാവാരിധിയുമെത്രെ. മാപ്പരുളുന്നവനാണ് അല്ലാഹു. അവൻ എല്ലാം കാണുന്നു. അവൻ എല്ലാം കേൾക്കുന്നു, അവനാണ് സർവ്വാധിപതി. അവൻ ഏകനാണ്. അവന് പങ്കുകാരോ സഹായികളോ ഇല്ല. അവനല്ലാതെ മറ്റു ആരാധ്യനില്ല. അവനോട്മാത്രം സഹായം അഭ്യർത്ഥിക്കപ്പെ